"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - എറണാകുളം, അങ്കമാലി, കിടങ്ങൂർ, സെന്റ് ജോസഫ്സ്, ഹയർ സെക്കന്ററി സ്കൂൾ, മാനേജർ സമർപ്പിച്ച അപേക്ഷ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2289/2022/GEDN തീയതി,തിരുവനന്തപുരം, 07-04-2022

---

പരാമർശം:-

1. കിടങ്ങൂർ സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂൾ മാനേജർ 15.12.2021 ൽ സമർപ്പിച്ച റിവിഷൻ അപ്പീൽ
2. 14/2/22 തീയതിയിലെ ആലുവ ജില്ല വിദ്യാഭ്യാസ ആഫീസർ ബി2/671/2022 നമ്പർ റിപ്പോർട്ട്
3. 03/03/2022 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ EC4/291/2022/ഡി.ജി.ഇ. നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

എറണാകുളം, അങ്കമാലി, കിടങ്ങൂർ, സെന്റ് ജോസഫ്സ്, ഹയർ സെക്കന്ററി സ്കൂൾ, മാനേജർ പരാമർശം 1 പ്രകാരം സർക്കാരിൽ റിവിഷൻ അപ്പീൽ സമർപ്പിച്ചിരുന്നു..

2. കിടങ്ങൂർ സെന്റ് ജോസെഫ്സ് എച്ച് എസ് ലെ ജൂനിയർ ഹിന്ദി അധ്യാപികയായ സിസ്റ്റർ ജിനി പി.ഒക്ക് ഉയർന്ന പ്രായപരിധിയിൽ ഒരു വർഷത്തെ മാത്രം ഇളവ് നൽകി 06-06-2019 മുതലുള്ള സിസ്റ്റർ ജിനി പി.ഒ യുടെ ജൂനിയർ ഹിന്ദി അദ്ധ്യാപക തസ്തികയിലെ നിയമനത്തിന് അംഗീകാരം നൽകണമെന്നതാണ് അപേക്ഷയിലെ ആവശ്യം.

3. സർക്കാർ മേൽ വിഷയം നിൽവിലുള്ള ഉത്തരവുകളുടെയും ചട്ടങ്ങളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ച

4. കിടങ്ങൂർ സെന്റ് ജോസെഫ്സ് എച്ച് എസ് ലെ ജൂനിയർ ഹിന്ദി അധ്യാപിക ശ്രീമതി

നാൻസി മോൾ കെ ജെ ക്കു എച്ച് എസ് ടി (ഹിന്ദി) ആയി സ്ഥാനക്കയറ്റം ലഭിച്ചത് മുഖേനെ സംജാതമായ ഒഴിവിലാണ് സിസ്റ്റർ ജിനി പി ഓ യുടെ 06.06.2019 മുതലുള്ള ജൂനിയർ ഹിന്ദി തസ്തികയിലെ നിയമനം . പ്രോമോട്ടിയുടെ നിയമനം അംഗീകരിച്ച് ഒഴിവ് വ്യവസ്ഥാപിതമായിട്ടുണ്ട്. എന്നാൽ സിസ്റ്റർ ജിനി പി ഓ ക്ക് 01.01.2019 തീയതിയിൽ പ്രായപരിധി (40 വയസ്സ്) അധികരിച്ചതിനാൽ 06.06.2019 മുതലുള്ള നിയമനത്തിന് അർഹതയില്ല എന്നതിനാലാണ് ടിയാരിയുടെ നിയമനം നിരസിച്ചിട്ടുള്ളത്.

5. സിസ്റ്റർ ജിനി പി ഓക്ക് 01.07.2011 മുതൽ 30.03.2012 വരെ അംഗീകൃത ഹ്രസ്വകാല നിയമനം ഉണ്ട്. ആകയാൽ ചട്ടം 51 എ അവകാശിയായി പരിഗണിച്ചാണ് മാനേജർ ടിയാരിയെ നിയമിച്ചിട്ടുള്ളത് എന്ന് പരാമർശം 2 പ്രകാരം ആലുവ ജില്ല വിദ്യാഭ്യാസ ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ സിസ്റ്റർ ജിനി പി ഓ യുടെ അംഗീകൃത ഹ്രസ്വകാല നിയമനം ഒരു അദ്ധ്യയന വർഷത്തിൽ കുറവാണ് എന്നതിനാൽ ടിയാരിക്ക് സർക്കാർ കത്ത് 44977/J2/2013/പൊ.വി തീയതി 14.10.2015 പ്രകാരവും, സിവിൽ അപ്പീൽ നം.518-519/16 ന്മേലുള്ള 27.01.2016 തീയതിയിലെ ബഹു.സുപ്രീംകോടതിയുടെ വിധിന്യായ പ്രകാരവും 51 A അവകാശം സിദ്ധിക്കുന്നില്ല .

6. സർക്കാർ ഉത്തരവ് (പി) 169/2004/പൊ.വി.വ തീയതി 15.06.2004 ലെ ഖണ്ഡിക 6 ഇപ്രകാരമാണ്.

"*Hereafter the claim for re-appointment under rule 51 A of the KER will be limited to those who have been appointed against regular/ leave vacancies having a duration of not less than one academic year. The vacancies having a duration of one academic year will be filled up on daily wage basis.*"

7. 20.01.1978 ജനന തീയതിയായ സിസ്റ്റർ ജിനി പി ഓക്ക് 01.01.2019 തീയതിയിൽ പ്രായപരിധി (40 വയസ്സ്) അധികരിച്ചതിനാൽ 06.06.2019 മുതലുള്ള നിയമനത്തിന് അംഗീകാരം ലഭിക്കുന്നതിന് അർഹതയില്ല ആകയാൽ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കണമെന്ന ഹർജി പരിഗണനാർഹമല്ല എന്നത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8. 01.06.2013 മുതൽ 01.06.2019 വരെ പട്ടണക്കാട് സെന്റ് ജോസെഫ്സ് പബ്ലിക് സ്കൂളിൽ സിസ്റ്റർ ജിനി പി ഓ ക്ക് നിയമനം ഉള്ളതായി ഹർജിയിൽ പരമർശിച്ചിട്ടുണ്ട്. ടി സ്കൂൾ അൺ

എയ്ഡഡ് വിഭാഗത്തിൽപ്പെടുന്ന സ്കൂളാണ് . ആകയാൽ ടി നിയമനം വയസ്സിളവ് അനുവദിക്കുന്നതിനോ ചട്ടം 51 A അവകാശം നേടുന്നതിനോ പരിഗണിക്കാനാകില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

9. സിസ്റ്റർ ജിനി പി ഓക്ക് 01.07.2011 മുതൽ 30.03.2012 വരെ അംഗീകൃത ഹ്രസ്വകാല നിയമനം ഉണ്ട്. ആകയാൽ ചട്ടം 51 എ അവകാശിയായി പരിഗണിച്ചാണ് മാനേജർ ടിയാരിയെ നിയമിച്ചിട്ടുള്ളത്. എന്നാൽ സർക്കാർ ഉത്തരവ് (പി) 169/2004/പൊ.വി.വ തീയതി 15.06.2004 ലെ ഖണ്ഡിക 6 പ്രകാരം ഒരു അദ്ധ്യയന വർഷത്തിൽ കുറവായവരെ 51 എ അവകാശിയായി പരിഗണിക്കുന്നതിന് കഴിയുന്നതല്ല.

10. സിസ്റ്റർ ജിനി പി ഓ യുടെ 06.06.2019 മുതലുള്ള ജൂനിയർ ഹിന്ദി തസ്തികയിലെ നിയമനം വ്യവസ്ഥാപിത ഒഴിവിൽ ആണ്. എന്നാൽ 20.01.1978 ജനന തീയതിയായ സിസ്റ്റർ ജിനി പി ഓക്ക് 01.01.2019 തീയതിയിൽ പ്രായപരിധി (40 വയസ്സ്) അധികരിച്ചതിനാൽ 06.06.2019 മുതലുള്ള നിയമനത്തിന് അംഗീകാരം ലഭിക്കുന്നതിന് അർഹതയില്ലന്നു കാണാവുന്നതാണ്

ആയതിനാൽ പരാമർശം 1 പ്രകാരം കിടങ്ങൂർ, സെന്റ് ജോസഫ്സ്, ഹയർ സെക്കന്ററി സ്കൂൾ, മാനേജർ സമർപ്പിച്ച അപേക്ഷ നിരസിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജ്യോതിലക്ഷ്മി എൽ

അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം -695 001

ജില്ല വിദ്യാഭ്യാസ ആഫീസർ , ആലുവ

സിസ്റ്റർ ജിനി.പി.ഒ, ജൂനിയർ ഹിന്ദി ടീച്ചർ, സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂൾ, കിടങ്ങൂർ,

അങ്കമാലി, എറണാകുളം ജില്ല

മാനേജർ, സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂൾ, കിടങ്ങൂർ, അങ്കമാലി, എറണാകുളം ജില്ല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**Signed by Mini.t.r.**
**Date: 08-04-2022 09:52:17**

സെക്ഷൻ ഓഫീസർ